**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3140 21.08 .2017 ലെ മറുപടിയ്ക്ക്

## മുനിസിപ്പൽ കോമൺ സർവ്വീസിൽ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ

ചോദ്യം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ഉത്തരം

ഡോ. കെ.റ്റി. ജലീൽ
( ബഹു. തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ ജി.ഒ.(പി) നം. 7/2016/ഫിൻ തീയതി 20.01.2017 നമ്പർ ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റുമാരുടെ റേഷ്യോ 1:1:1:1 എന്ന് പുന:ക്രമീകരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇത് മുനിസിപ്പൽ കോമൺ സർവ്വീസിൽ നടപ്പിൽ വരുത്തിയിട്ടുണ്ടോ; | (ബി) | നടപ്പിൽ വരുത്തിയിട്ടില്ല. |
| (സി) | ഇല്ലെങ്കിൽ കാരണം എന്തെന്ന് വിശദീകരിക്കാമോ? | (സി) | 26.02.2011 ലെ സ.ഉ. (പി) 85/11/ധന നമ്പർ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ 1:1:1 എന്ന് നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കേരള മുനിസിപ്പൽ കോമൺ സർവ്വീസിലെ ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ 1:1:1 എന്ന് നിജപ്പെടുത്തിക്കൊണ്ടുള്ള റേഷ്യോ പ്രൊമോഷൻ ഉത്തരവ്, നഗരകാര്യ ഡയറക്ടറുടെ 03.03.2016 ലെ ഇ 6/619710/13-ാം നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിരുന്നതാണ്. എന്നാൽ ടി ശമ്പള പരിഷ്കരണ ഉത്തരവിൽ ടൈപ്പിസ്റ്റ് തസ്തികയിൽ അനുവദിച്ചിട്ടുള്ള റേഷ്യോ പ്രകാരം വർക്കല നഗരസഭയിൽ ജോലി ചെയ്തിരുന്ന ടൈപ്പിസ്റ്റ് ശ്രീ. ശ്രീരാഗിന് യു.ഡി. ടൈപ്പിസ്റ്റ് |

| | | | |
|---|---|---|---|
| | | | തസ്തികയിലേയ്ക്ക് 01.02.2011 ൽ പ്രാബല്യത്തിൽ റേഷ്യോ പ്രൊമോഷൻ അനുവദിയ്ക്കണമെന്ന ആവശ്യവുമായി ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ടിയാൻ സമർപ്പിച്ച ഒ.എ-1764/16 മേലുള്ള ബഹു. ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 03.03.2016-ലെ ഉത്തരവ് പ്രകാരം അനുവദിയ്ക്കപ്പെട്ട ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ ഉത്തരവിന് തിരുത്തൽ വരുത്തിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായി വരികയും ആയതിന് 2008 മുതലുള്ള ഗ്രഡേഷൻ ലിസ്റ്റ് പരിശോധിച്ച് തീരുമാനമെടുക്കേണ്ടിയും വന്നിട്ടുള്ളതാണ്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് 13.06.2017 ൽ കരട് തിരുത്തൽ ഉത്തരവും, തുടർന്ന് ആക്ഷേപങ്ങൾ ക്ഷണിച്ച് 01.08.2017 ൽ അന്തിമ തിരുത്തൽ ഉത്തരവും പുറപ്പെടുവിച്ചിട്ടുള്ളതാണ്. 9-ാം ശമ്പള പരിഷ്കരണ ഉത്തരവിലെ അനുപാതം നിജപ്പെടുത്തിയാൽ മാത്രമേ 10-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം റേഷ്യോ പ്രൊമോഷൻ അനുവദിക്കാൻ നിർവ്വാഹം ഉണ്ടായിരുന്നുള്ളൂ. 9-ാം ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം ടൈപ്പിസ്റ്റ് തസ്തികയിലെ റേഷ്യോ പ്രൊമോഷൻ അനുവദിച്ച് ഇപ്പോൾ ടൈപ്പിസ്റ്റ് തസ്തികയിലെ അനുപാതം അന്തിമമായി നിജപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ സർക്കാരിന്റെ 20.01.2016 ലെ സ.ഉ.(പി) 7/16/ധന നമ്പർ ഉത്തരവ് പ്രകാരമുള്ള റേഷ്യോ പ്രൊമോഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ